**No. CEE/432/PGN-2017/TA4**


കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


**പത്രക്കുറിപ്പ്**

## എം.എസ്.സി നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള പ്രവേശനം-2017 ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിയ്ക്കുന്നു

2017–18 വർഷത്തെ ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി.നഴ്സിംഗ്) കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **16.09.2017 (ശനിയാഴ്ച)** ആരംഭിക്കും

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ **16.09.2017** മുതൽ **19.09.2017 വൈകുന്നേരം 5 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. **19.09.2017** വൈകുന്നേരം **5** മണി വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **21.09.2017**–ന് ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **2017 സെപ്റ്റംബർ 22, 23 തീയതികളിൽ** കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഉൾപ്പെട്ട വിജ്ഞാപനം www.cee-kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
15.09.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**